# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 24**

---

## എം.ജി ബിരുദ ഏകജാലക പ്രവേശനം; രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

എം ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ആർട്സ് ആൻഡ് സയൻസ് കോളജുകളിലെ ഒന്നാം സെമസ്റ്റർ ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൻറെ രണ്ടാമത്തെ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ സർവകലാശാലയുടെ നിശ്ചിത ഫീസ് ഓൺലൈനിൽ അടച്ച് ഓൺലൈനിൽത്തന്നെ പ്രവേശനം ഉറപ്പാക്കണം.

സ്ഥിര പ്രവേശം നേടുന്നവർ കോളേജുകളിൽ നേരിട്ട് ഹാജരായി നിശ്ചിത ട്യൂഷൻ ഫീസ് അടയ്ക്കണം.

താത്കാലിക പ്രവേശനത്തിന് കോളജുകളിൽ നേരിട്ട് ഹാജരാകേണ്ടതില്ല. സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് താത്കാലിക പ്രവേശനം നേടുമ്പോൾ ലഭിക്കുന്ന അലോട്ട്മെൻറ് മെമ്മോ കൊളജിലേക്ക് ഇ-മെയിലിൽ നൽകി ജൂൺ 30 ന് മുൻപ് പ്രവേശനം ഉറപ്പാക്കണം. പ്രവേശനം ഉറപ്പാക്കിയതിൻറെ രേഖയായി കൺഫർമേഷൻ സ്ലിപ് ഡൌൺലോഡ് ചെയ്താൽ മതിയാവും.

ഒന്നാം ഓപ്ഷൻ അലോട്ട് ചെയ്യപ്പെട്ടവർ സ്ഥിര പ്രവേശനം എടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനത്തിന് ക്രമീകരണമില്ല.

ജൂൺ 30 ന് വൈകുന്നേരം നാലിനു മുൻപ് ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ച ശേഷം അലോട്ട്മെൻറ് ഉറപ്പാക്കാത്തവരുടെയും അലോട്ട്മെൻറ് റദ്ദാക്കപ്പെടും. കോളേജുകൾ പ്രവേശനം ഉറപ്പാക്കിയതിൻറെ തെളിവായി കൺഫർമേഷൻ സ്ലിപ് ഡൌൺലോഡ് ചെയ്ത് സൂക്ഷിക്കണം.

പ്രവേശനവുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കുന്നതിന് കൺഫർമേഷൻ സ്ലിപ്പ് ആവശ്യമാണ്.

ഒന്നാം അലോട്മെൻറിൽ താത്കാലിക പ്രവേശനമെടുത്തവർക്ക് രണ്ടാം അലോട്ട്മെൻറിലും ഇതേ സ്റ്റാറ്റസ് ആണെങ്കിൽ കോളജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതില്ല.

എന്നാൽ ഒന്നാം അലോട്മെൻറിൽ താത്കാലിക പ്രവേശനമെടുത്തവർക്ക് രണ്ടാമത്തെ അലോട്മെൻറിൽ മറ്റൊരു പ്രോഗ്രാമിലേക്കോ കോളജിലേക്കോ ഹയർ ഓപ്ഷൻ വഴി അലോട്മെൻറ് ലഭിച്ചാൽ മോഡ് ഓഫ് അഡ്മിഷൻ സെലക്ട് ചെയ്ത് കോളജിൽ ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കണം.

(പി.ആർ.ഒ/39/703/2023)

## ക്യാറ്റ് പ്രവേശന പരീക്ഷാഫലം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ വകുപ്പുകളിലെയും, ഇൻറർ സ്കൂൾ സെൻററുകളിലെയും പി.ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വദ്ഗേ://രമ.ോഴൗ.മര.ശി/ എന്ന വെബ്സൈറ്റിൽ പരിശോധിക്കാം.

രേഖകൾ സമർപ്പിക്കാത്ത സ്പോർട്ട്സ് ക്വാട്ട അപേക്ഷകർ ജൂൺ 29ന് രാത്രി 12 മണിക്ക് മുൻപ് രജിസ്റ്റേർഡ് ഇ-മെയിൽ വിലാസത്തിൽ ലഭിച്ച ലിങ്ക് മുഖേന രേഖകൾ സമർപ്പിക്കണം. ഫോൺ: 0481 2733595, ഇ-മെയിൽ: രമ@ോഴൗ.മര.ശി

(പി.ആർ.ഒ/39/704/2023)

## തീസീസ് ഇവാല്യുവേഷൻ, വൈവ വോസി

പത്താം സെമസ്റ്റർ ബി.ആർക്ക്(2018 അഡ്മിഷൻ റഗുലർ, 2018 ന് മുൻപുള്ള അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ തീസീസ് ഇവാല്യുവേഷൻ, വൈവ വോസി പരീക്ഷകൾക്ക് ജൂലൈ അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ജൂലൈ ആറിന് പിഴയോടു കൂടിയും ജൂലൈ ഏഴിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള ഫീസ് 155 രൂപ പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/705/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഓഗസ്റ്റ് രണ്ടിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ജൂലൈ 18 വരെ അപേക്ഷ നൽകാം.

ജൂലൈ 19ന് പിഴയോടു കൂടിയും ജൂലൈ 20ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. ഒരു പേപ്പറിന് 55 രൂപ നിരക്കിൽ സി.വി. ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/706/2023)

## പരീക്ഷാ തീയതി

ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്ററുകൾ എം.ടെക്(2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 12ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

........................

ഒന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.എച്ച്.എം, എം.എം.എച്ച്, എം.ടി.എ, എം.ടി.ടി.എം - ജൂലൈ 2023(സി.എസ്.എസ് - 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 25ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

......................

ബി.വോക്(2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ്കീം) പ്രോഗ്രാമിൻറെ നാലാം സെമസ്റ്റർ പരീക്ഷകൾ ജൂലൈ 11നും അഞ്ചാം സെമസ്റ്റർ പരീക്ഷകൾ ജൂലൈ 12നും ആറാം സെമസ്റ്റർ പരീക്ഷകൾ ജൂലൈ 13നും ആരംഭിക്കും. വിശദമായയം ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/707/2023)

## പരീക്ഷാ ടൈംടേബിൾ

ബി.ടെക്ക്(പുതിയ സ്കീം - 2010 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററിയും മെഴ്സി ചാൻസും) ബിരുദ പ്രോഗ്രാമിൻറെ ആറാം സെമസ്റ്റർ പരീക്ഷയോടൊപ്പം മൈക്രോ കൺട്രോളർ ബേസ്ഡ് സിസ്റ്റം എന്ന പേപ്പറും നാലാം സെമസ്റ്റർ പരീക്ഷയോടൊപ്പം ഇലക്ട്രോണിക് ഡിവൈസസ് ആൻറ് സർക്യൂട്ട്സ് എന്ന പേപ്പറും ഉൾപ്പെടുത്തി. പരീക്ഷകൾ യഥാക്രമം ജൂലൈ മൂന്ന്,നാല്, തീയതികളിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

........................

രണ്ടാം സെമസ്റ്റർ എം.ബി.എ(2018 അഡ്മിഷൻ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷയോടൊപ്പം ഓപ്പറേഷൻ മാനേജ്മെൻറ് എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ ജൂൺ 30ന് നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/708/2023)

## വൈവ വോസി

പ്രൈവറ്റ് രജിസ്ട്രേഷൻ നാലാം സെമസ്റ്റർ എം.എ എക്കണോമിക്സ് - മെയ് 2023 പരീക്ഷയുടെ(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) വൈവ വോസി പരീക്ഷ ജൂലൈ 11ന് ആലുവ യു.സി കോളജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/709/2023)

## പരീക്ഷാ ഫലം

2023 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ് - ബി.എ, ബി.കോം, ബി.എസ്.സി മോഡൽ 1,2,3(2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 10 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

.....................

2023 ഏപ്രിൽ നടത്തിയ ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എസ്.സി സൈബർ ഫോറൻസിക് സ്പെഷ്യൽ സപ്ലിമെൻററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ ഏഴു വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

.....................

2022 നവംബറിൽ അഫിലിയേറ്റഡ് കോളേജുകളിൽ നടത്തിയ രണ്ടാം വർഷ ഇൻറഗ്രേറ്റഡ് എം.എ, എം.എസ്.സി പ്രോഗ്രമുകളുടെ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ജൂലൈ ഏട്ടു വരെ ഓഫ് ലൈനായി സമർപ്പിക്കാം.

(പി.ആർ.ഒ/39/710/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**